പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

കേന്ദ്ര സർവകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 977 — 29/09/2011 ന് മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | പി.കെ.അബ്ദു റബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| എ) കാസർഗോഡ് ജില്ലയിൽ അനുവദിച്ച കേന്ദ്ര സർവ്വകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;; | എ) സംസ്ഥാന സർക്കാർ അനുവദിച്ച സ്ഥലം സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടില്ല. അതുകൊണ്ട് ഒരു നിർമ്മാണ പ്രവർത്തനവും ആരംഭിച്ചിട്ടില്ല. |
| ബി) സർവ്വകലാശാലയ്ക്ക് കീഴിൽ ജില്ലയിൽ ഏതെല്ലാം കോഴ്സുകളും കോളേജുകളുമാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; | ബി) സർവ്വകലാശാലയുടെ കീഴിൽ ഇപ്പോൾ 9 പോസ്റ്റ് ഗ്രാജേറ്റ് കോഴ്സുകളും 6 എം.ഫിൽ കോഴ്സുകളും നടക്കുന്നുണ്ട്. സർവകലാശാലയുടെ കീഴിൽ കോളേജുകളൊന്നും പ്രവർത്തിക്കുന്നില്ല. |
| സി) സർവ്വകലാശാലയുടെ കീഴിൽ പത്തനംതിട്ടയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | സി) മെഡിക്കൽ കോളേജ് തുടങ്ങുവാൻ യു.ജി.സി യോ, എം.എച്ച്.ആർ.ഡി യോ സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടില്ല. |
| ഡി) എങ്കിൽ ഇതു സംബന്ധിച്ച തീരുമാനം ആരാണെടുത്തതെന്നും ആരുടെ ആവശ്യപ്രകാരമാണ് പ്രസ്തുത തീരുമാനമെടുത്തതെന്നും വെളിപ്പെടുത്താമോ; | ഡി) ബാധകമല്ല. |
| ഇ) മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിൽ തന്നെ സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇ) യും എഫ്) ഉം മെഡിക്കൽ കോളേജ് തുടങ്ങുവാൻ യു.ജി.സി യോ, എം.എച്ച്.ആർ.ഡി.യോ സർവ്വകലാശാലയ്ക്ക് അനുമതി നൽകിയിട്ടില്ല. |
| എഫ്) ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ